"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

ബഹു.ഹൈക്കോടതിയിൽ ശ്രീ.സി.എഫ്. ജോസഫ് ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ നമ്പർ 2420/2023-ന്മേൽ ബഹു.ഹൈക്കോടതിയുടെ 21/2/2023-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.409/2023/F&WLD തീയതി,തിരുവനന്തപുരം, 29-10-2023

---

പരാമർശം:-

1. ശ്രീ.സി.എഫ്.ജോസഫ്, ചീവേലിൽ ഹൗസ്, കോത്താട്, എറണാകുളം 10/3/2022-ൽ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ.
2. ജി.ഒ (ആർറ്റി) 350/2022/FWLD തീയതി 16/8/2022.
3. ശ്രീ.സി.എഫ്.ജോസഫ് ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത 2420/2023 നമ്പർ റിട്ട് പെറ്റീഷനിലെ 21/2/2023-ലെ വിധിന്യായം.
4. ശ്രീ.സിഎഫ് ജോസഫ് 5/4/2023-ൽ വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച നിവേദനം.
5. ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ)-ന്റെ 5/6/2023-ലെ FC4/2072/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ശ്രീ. സി.എഫ്. ജോസഫ്, എന്നയാളുടെ ഉടമസ്ഥതയിലുള്ള സെന്റ് ആന്റണീസ് സോമിൽ & ഫർണിച്ചർ മാർട്ട്, കോത്താട്, എറണാകുളം എന്ന സ്ഥാപനം 30/10/2002-നു മുമ്പ് പ്രവർത്തിച്ചിരുന്നുവെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കാൻ കഴിയാതിരുന്നതിനാൽ ടിയാന്റെ സോമില്ലിന്റെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് മലയാറ്റൂർ ഡിഎഫ്ഒ സ്റ്റോപ്പ് മെമ്മോ നൽകുകയുണ്ടായി. ലൈസൻസ് പുന:സ്ഥാപിച്ചു കിട്ടുന്നതിനായി ശ്രീ. സി.എഫ്. ജോസഫ്, ബഹു. ഹൈക്കോടതിയിൽ, 2015-ൽ, റിട്ട് പെറ്റീഷൻ നമ്പർ 21792/2015 ഫയൽ ചെയ്യുകയും ആയതിന്മേലുള്ള കോടതിവിധി പ്രകാരം അപേക്ഷകൻ സർക്കാരിൽ ഫയൽ ചെയ്തിരുന്ന പരാമർശം (1) റിവിഷൻ പെറ്റീഷൻ പരിഗണിക്കുന്നതിന് കോടതി ഉത്തരവാകുകയും, എന്നാൽ ടിയാന്റെ സോമിൽ 30/10/2002-നു മുമ്പ് പ്രവർത്തിച്ചിരുന്നുവെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കാൻ

കഴിയാതിരുന്നതിനാൽ സർക്കാർ ടി പെറ്റീഷൻ നിരസിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത സോമിൽ 30/10/2002-ന് മുമ്പ് പ്രവർത്തിച്ചിരുന്നുവെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ കൈവശം ഉണ്ടെന്നും, ടി രേഖകളുടെ അടിസ്ഥാനത്തിൽ സോമില്ലിന്റെ ലൈസൻസ് പുന:സ്ഥാപിച്ചു നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ. സി.എഫ്. ജോസഫ്, ബഹു.ഹൈക്കോടതിയിൽ 2023-ൽ വീണ്ടും 2420/2023 നമ്പർ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും, ടി റിട്ട് പെറ്റീഷനിലെ 21/2/2023-ലെ വിധിന്യായ പ്രകാരം ടിയാൻ ഫയൽ ചെയ്ത Exhibit P6 revision petition ഒന്നു കൂടി പരിഗണിക്കുന്നതിനും, ടിയാനെ നേരിൽ കേട്ട് രണ്ടു മാസത്തിനകം തീരുമാനം കൈക്കൊള്ളുന്നതിനും ബഹു.ഹൈക്കോടതി പരാമർശം (3) പ്രകാരം സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി.

ബഹു.ഹൈക്കോടതിയുടെ പരാമർശം (3) ഉത്തരവിൻ പ്രകാരം ശ്രീ. സി.എഫ്.ജോസഫിനെ വനം വന്യജീവി വകുപ്പ് ജോയിന്റ് സെക്രട്ടറി 4/4/2023-ൽ നേരിൽ കേൾക്കുകയുണ്ടായി. തദവസരത്തിൽ അപേക്ഷകനോട് ടിയാന്റെ സ്ഥാപനം 30/10/2002-ന് മുമ്പ് പ്രവർത്തിച്ചിരുന്നുവെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കാൻ ആവശ്യപ്പെടുകയുമുണ്ടായി. അതിൻ പ്രകാരം ടിയാൻ സർക്കാരിലേയ്ക്ക് സമർപ്പിച്ച രേഖകളുടെ നിയമസാധുത പരിശോധിക്കുകയും, എന്നാൽ ശ്രീ. സി.എഫ്. ജോസഫിന്റെ സ്ഥാപനം 30/10/2002-ന് മുമ്പ് പ്രവർത്തിച്ചിരുന്നുവെന്ന് തെളിയിക്കുന്നതിന് ടി രേഖകൾ മതിയാകാതെ വന്നതിനാൽ മറ്റ് ചില രേഖകൾ കൂടി സമർപ്പിക്കാൻ വീണ്ടും ഒരവസരം കൂടി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ പരാമർശം (4) പ്രകാരം വീണ്ടും സർക്കാരിലേയ്ക്ക് അപേക്ഷ നൽകുകയുമുണ്ടായി. ശ്രീ. സി.എഫ്. ജോസഫ്, 4/4/2023-ലെ ഹിയറിംഗിൽ സർക്കാരിൽ സമർപ്പിച്ച , കടമക്കുടി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ രേഖകളുടെ നിയമസാധുത പരിശോധിച്ച് ടിയാന്റെ സ്ഥാപനത്തിന് ലൈസൻസ് അനുവദിക്കുവാൻ കഴിയുന്നതാണോ എന്ന് പരിശോധിച്ച് അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുവാൻ ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ)-നോട് ആവശ്യപ്പെടുകയുണ്ടായി. മറ്റു രേഖകൾ കൂടി സമർപ്പിക്കുന്നതിന് സാവകാശം ആവശ്യപ്പെട്ട അപേക്ഷകൻ ടി രേഖകൾ സർക്കാരിൽ സമർപ്പിക്കാത്തതിനാൽ വീണ്ടും സമയം അനുവദിച്ചു നൽകിയെങ്കിലും ശ്രീ.സി.എഫ്.ജോസഫ് ടി രേഖകളൊന്നും ഇതുവരെയും സർക്കാരിൽ സമർപ്പിച്ചിട്ടില്ല.

ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) കടമക്കുടി ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ രേഖകളുടെ നിയമസാധുത സംബന്ധിച്ച് പരാമർശം (5) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. 2021-ലെ സോമിൽ ചട്ടം 6-ൽ

പരാമർശിച്ചിരിക്കുന്നത് പ്രകാരം പഞ്ചായത്ത് ലൈസൻസിന്റെ 30/10/2002-ന് മുമ്പ് നൽകിയ നോട്ടറൈസ്ഡ് പകർപ്പ് സാക്ഷ്യപ്പെടുത്തിയത്, ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ട്മെന്റ് നൽകിയ ലൈസൻസ്, ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റ് നൽകിയ ലൈസൻസിന്റെ നോട്ടറൈസ്ഡ് പകർപ്പ്, ഡി & ഒ രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ മാത്രമെ ലൈസൻസിന് അപേക്ഷിക്കുന്നതിനുള്ള രേഖയായി അംഗീകരിക്കാൻ കഴിയുകയുള്ളുവെന്നും, അതിനാൽ കടമക്കുടി പഞ്ചായത്തിന്റെ സാക്ഷ്യപത്രം ലൈസൻസ് നൽകുന്നതിനുള്ള രേഖയായി അംഗീകരിക്കാൻ നിയമ പ്രകാരം സാധ്യമല്ല എന്നും ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) പരാമർശം (5) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ)-ന്റെ മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Kerala Forest ((Regulation of Sawmills and other wood-based Industrial Units) Rules, 2021 പ്രകാരം റൂൾ 6 (4) -ൽ അനുശാസിച്ചിരിക്കും പ്രകാരം പഞ്ചായത്ത് ലൈസൻസിന്റെ 30/10/2002-ന് മുമ്പ് നൽകിയ നോട്ടറൈസ്ഡ് പകർപ്പ് സാക്ഷ്യപ്പെടുത്തിയത്, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ് നൽകിയ ലൈസൻസ്, ഇൻഡസ്ട്രീസ് വകുപ്പ് നൽകിയ ലൈസൻസിന്റെ നോട്ടറൈസ്ഡ് പകർപ്പ്, ഡി & ഒ രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ മാത്രമെ ലൈസൻസിന് അപേക്ഷിക്കുന്നതിനുള്ള രേഖയായി അംഗീകരിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ശ്രീ. സി.എഫ്.ജോസഫ് സർക്കാരിൽ സമർപ്പിച്ച കടമക്കുടി ഗ്രാമപഞ്ചായത്തിന്റെ സാക്ഷ്യപത്രം ലൈസൻസ് നൽകുന്നതിനുള്ള രേഖയായി അംഗീകരിക്കാൻ സാധ്യമല്ല.

മേൽ സാഹചര്യത്തിലും, ശ്രീ. സി.എഫ്. ജോസഫിന്റെ ഉടമസ്ഥതയിലുള്ള സെന്റ് ആന്റണീസ് സോമിൽ & ഫർണിച്ചർ മാർട്ട് 30/10/2002-ന് മുമ്പ് പ്രവർത്തിച്ചിരുന്നുവെന്ന് തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകൾ സമർപ്പിക്കാൻ ടിയാന് കഴിയാത്ത സാഹചര്യത്തിലും ശ്രീ. ശ്രീ. സി.എഫ്. ജോസഫ് സമർപ്പിച്ചിട്ടുള്ള Exhibit P6 revision petition നിരസിച്ചുകൊണ്ടും, ബഹു.ഹൈക്കോടതിയുടെ 21/2/2023-ലെ പരാമർശം (3) വിധിന്യായം നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)

ശ്രീ.സി.എഫ്. ജോസഫ്, ചീവേലിൽ ഹൗസ്, കോത്താട്, എറണാകുളം

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ & നോഡൽ ഓഫീസർ),

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

(വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Asha S
Date: 30-10-2023 11:43:22
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിന് / ബഹു. വനം വന്യജീവി വകുപ്പ മന്ത്രിയുടെ ഓഫീസിന് /വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിന്/വനം വന്യജീവി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ ഓഫീസിന്